**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും, മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും, കോർപ്പറേഷനുകളിൽ 1 കിലോമീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു പുതിയ അക്ഷയ കേന്ദ്രം അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ നിവേദനം (എം.എൽ.എ.യുടെ കത്ത് ഉൾപ്പെടെ നൽകിയത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കളക്കാട്ടുകുറിശ്ശി ലൊക്കേഷനിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിച്ച് സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭക തിരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ